പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ - 5909 | 28.10.2011 -ൽ മറുപടിയ്ക്ക്

## ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷാ സംവിധാനം

ചോദ്യം | ഉത്തരം

ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ.കെ.അച്ചുതൻ
ശ്രീ.വർക്കല കഹാർ
ശ്രീ.വി.ഡി.സതീശൻ

ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| എ | ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ | 25.09.07 ൽ സംസ്ഥാന സുരക്ഷാ വിഭാഗം പോലീസ് ഇൻസ്പെക്ടർ ജനറൽ, തൃശ്ശൂർ ജില്ല പോലീസ് മേധാവി എന്നിവർ ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷയെക്കുറിച്ച് വിശദമായി അവലോകനം നടത്തി സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ ഗുരുവായൂർ ദേവസ്വം, സർക്കാർ, പോലീസ് എന്നീ തലങ്ങളിൽ പുരോഗമിച്ചു വരുന്നു. 10.10.2011 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനമനുസരിച്ച് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതടക്കമുള്ള നടപടികളും പുരോഗമിച്ചു വരുന്നു. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി | ഇതിനായി ടെംപിൾ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | ബി | ഇക്കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചു വരുന്നു |
| സി | സുരക്ഷാ സന്നാഹം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കാനറുകൾ അടക്കമുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കുമോ ; | സി | അത്യാധുനിക ഉപകരണങ്ങൾ അടക്കം സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |
| ഡി | ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | ഡി | പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഗുരുവായൂർ ക്ഷേത്രത്തിൻെറ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി താഴെപറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. ക്ഷേത്രസുരക്ഷാ ഡ്യൂട്ടിക്കായി 120-ഓളം പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുള്ളതാണ്.

2. ക്ഷേത്രത്തിലേയ്ക്കുള്ള 3 പ്രവേശനകവാടങ്ങളിലും ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധന നടത്തിയാണ് ഭക്തരെയും മറ്റും കടത്തിവിടുന്നത്.

3. ക്ഷേത്രത്തിനകത്തേയ്ക്ക് കൊണ്ടുപോകുന്ന പൂജാവസ്തുക്കളും മറ്റ് സാമഗ്രികളും മെറ്റൽ ഡിക്റ്റക്ടർ ഉപയോഗിച്ച് പരിശോധിച്ചുവരുന്നുണ്ട്.

4. ദിവസവും 3 നേരം ക്ഷേത്രപരിസരത്തും റെയിൽവെസ്റ്റേഷൻ, ബസ്സ്റ്റാൻഡ് തുടങ്ങിയ ഇടങ്ങളിലും ആന്റി സബോട്ടേജ് പരിശോധനയും ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് പരിശോധനയും നടത്തിവരുന്നുണ്ട്.

5. ക്ഷേത്രത്തിനകത്തും പരിസരത്തും 96 CCTV ക്യാമറകൾ സ്ഥാപിച്ച് 24 മണിക്കൂറും നിരീക്ഷണം നടത്തിവരുന്നുണ്ട്.

6. സുരക്ഷാ ആവശ്യങ്ങൾക്കായി ക്ഷേത്രപരിസരത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.

7. ക്ഷേത്രപരിസരത്തെ ലോഡ്ജുകൾ 8 സെക്ടറുകളായി തിരിച്ച് ഉദ്യോഗസ്ഥർക്ക് ചുമതല നൽകി പരിശോധന നടത്തിവരുന്നുണ്ട്.

8. സുരക്ഷയെ സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥർക്കും, ഹോട്ടൽ, ലോഡ്ജ് ഉടമകൾക്കും ജോലിക്കാർക്കും മറ്റും ക്ലാസുകൾ നൽകിവരുന്നുണ്ട്.

9. സുരക്ഷ കൂടുതൽ ശക്തമാക്കുന്നതിനായി അത്യാധുനിക ഉപകരണങ്ങളായ സ്കാനർ തുടങ്ങിയവ വാങ്ങുന്നതിനായി നിർദ്ദേശം ഗുരുവായൂർ ദേവസ്വത്തിന് സമർപ്പിച്ചിട്ടുണ്ട്.

10. സുക്ഷാക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് സമയബന്ധിതമായി റിവ്യൂമീറ്റിങ്ങുകൾ നടത്തിവരുന്നുണ്ട്.

(signature)
സെക്ഷൻ ഓഫീസർ